# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2025 മാർച്ച് 12**

---

## എം.ജി സർവകലാശാലാ വിദ്യാർഥിനിക്ക് യു.എ.ഇ സർക്കാരിന്റെ ഗവേഷണ ഗ്രാന്റ്

*യുഎഇ വിദേശകാര്യ മന്ത്രാലയത്തിന്റെ ഗവേഷണ ഗ്രാന്റിന് മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിരുദാനന്തര ബിരുദ വിദ്യാർഥിനി സി. ജയലക്ഷ്മി തിരഞ്ഞെടുക്കപ്പെട്ടു. ഗ്രാന്റായി 48000 യുഎഇ ദിനാർ(11.39 ലക്ഷംരൂപ) ലഭിക്കും.*

*സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിലെ എം ടെക് എനർജി സയൻസ് ആൻഡ് ടെക്നോളജി വിദ്യാർഥിനിയായ ജയലക്ഷ്മി യു.എ.ഇയിലെ ഖലീഫ യൂണിവേഴ്സിറ്റിയുടെ കെമിക്കൽ എൻജിനീയറിംഗ് വകുപ്പിൽ നാനോ കാർബൺ കണങ്ങളുടെ ഊർജ്ജ മേഖലയിലെ സാധ്യതകളെക്കുറിച്ച് ഒരു വർഷം പഠനം നടത്തും. വൈക്കം വെളുത്തേടത്തുപറമ്പിൽ പി.ചന്ദ്രശേഖരന്റെയും ലീലയുടെയും മകളാണ്.*

*ഫോട്ടോ ക്യാപ്ഷൻ...*

*സി. ജയലക്ഷ്മി*

*(പി.ആർ.ഒ/39/1372/2025)*

## മൈക്രോബയോം ഐഡിയത്തോൺ; എം.ജി സർവകലാശാലയ്ക്ക് പുരസ്കാരം

*സംസ്ഥാന സ്റ്റാർട്ടപ്പ് മിഷനും സെന്റർ ഫോർ എക്സലൻസ് ഇൻ മൈക്രോബയോമും സംയുക്തമായി കൊച്ചിയിൽ സംഘടിപ്പിച്ച കോൺക്ലേവിന്റെ ഭാഗമായ ഐഡിയത്തോണിൽ മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് പുരസ്കാരം.*

*സർവകലാശാലയിലെ സ്കൂൾ ബയോസയൻസസിൽ ഡോ. ടി.ആർ കീർത്തിയുടെ മേൽനോട്ടത്തിൽ ഗവേഷണം നടത്തുന്ന എസ്. ഗായത്രി, ജീന സൂസൻ ജോസഫ് എന്നിവർ അവതരിപ്പിച്ച സ്റ്റാർട്ടപ്പ് ആശയമാണ് പുരസ്കാരം നേടിയത്. പട്ടുനൂൽപ്പുഴുക്കളുടെ ഉത്പാദനം ഗണ്യമായി വർധിപ്പിക്കുന്നതിനും മേൽത്തരം പട്ട് ഉത്പാദിപ്പിക്കുന്നതിനും ഉപകരിക്കുന്ന സാങ്കേതിക വിദ്യയാണിത്.*

*ഫോട്ടോ ക്യാപ്ഷൻ..*

*ഡോ. ടി.ആർ കീർത്തി, എസ്. ഗായത്രി, ജീന സൂസൻ ജോസഫ്*

*(പി.ആർ.ഒ/39/1373/2025)*

## അഡ്വാൻസ്ഡ് ഇൻസ്ട്രുമെന്റ് ട്രെയിനിംഗ്

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബയോ സയൻസസ് നടത്തുന്ന അഡ്വാൻസ്ഡ് ഇൻസ്ട്രുമെന്റ് ട്രെയിനിംഗ് പ്രോഗ്രാം ഏപ്രിൽ ഒന്നിന് ആരംഭിക്കും. 15 ദിവസത്തെ ഈ സർട്ടിഫിക്കറ്റ് കോഴ്സിൽ ജിസിഎംഎസ്, എച്ച്പിഎൽസി, എച്ച്പിടിഎൽസി തുടങ്ങിയ ഉപകരണങ്ങളിൽ പ്രായോഗിക പരിശീലനം നൽകും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ. ഫോൺ-7306392380, 9886224104*

*(പി.ആർ.ഒ/39/1374/2025)*

## പരീക്ഷാ ഫലം

*രണ്ടാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബികോം എൽഎൽബി, ബിബിഎ എൽഎൽബി( ഓണേഴ്സ് 2023 അഡ്മിഷൻ റഗുലർ, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബികോം എൽഎൽബി, ബിബിഎ എൽഎൽബി (ഓണേഴ്സ് 2016-2017 അഡ്മിഷൻ സപ്ലിമെന്ററി, 2015 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.*

*പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മാർച്ച് 26വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*.............*

*രണ്ടാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബിഎ എൽഎൽബി, ( ഓണേഴ്സ് 2023 അഡ്മിഷൻ റഗുലർ, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബിഎ എൽഎൽബി (ഓണേഴ്സ് 2016-2017 അഡ്മിഷൻ സപ്ലിമെന്ററി, 2015 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2014 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2012, 2013 അഡ്മിഷനുകൾ അവസാന മെഴ്സി*

*ചാൻസ് ഒക്ടോബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് മാർച്ച് 26 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.*

*(പി.ആർ.ഒ/39/1375/2025)*

## സർട്ടിഫിക്കറ്റ് കോഴ്സ്

*പോളിമേഴ്സ് ഇൻ വേസ്റ്റ് വാട്ടർ മാനേജ്മെൻറ് ആന്റ് വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ് ടെക്നിക്സ് സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് മാർച്ച് 15 വരെ അപേക്ഷിക്കാം. മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് പോളിമെർ സയൻസ് ആന്റ് ടെക്നോളജി, കോഴിക്കോട്ടെ സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റ്, കാലടി ശ്രീശങ്കരാ കോളജ് എന്നിവ സംയുക്തമായാണ് ആറു മാസം ദൈർഘ്യമുള്ള കോഴ്സ് നടത്തുന്നത്.*

*പ്ലസ് ടൂ അല്ലെങ്കിൽ തത്തുല്യ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പ്രായപരിധിയില്ല. കൂടുതൽ വിവരങ്ങൾ വെബ് സൈറ്റിൽ(*www.spst.mgu.ac.in *) ഫോൺ--9496544407, 9497829740*

*(പി.ആർ.ഒ/39/1376/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**